ഉത്തരം

(എ) ഉണ്ട്.

(ബി) 10-8-1995-ൽ പ്രവർത്തനം തുടങ്ങി.

(സി) ഇതിൽ 260 ഓട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാർ ഉണ്ട്.

(ഡി) ഉണ്ട്.

(ഇ) വാഹനങ്ങളൊന്നും വിട്ടുകൊടുത്തിട്ടില്ല.

(എഫ്) അപകടത്തിൽപെടുന്നവരെ ആശുപത്രിയിലെത്തിക്കുന്ന ആക്സിഡന്റ് ഫോഴ്സിലെ ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് 50 രൂപയും ടാക്സി ഡ്രൈവർമാർക്ക് 100 രൂപയും നൽകുന്നു.

(ജി) 160 പേർക്ക് ആശ്വാസം ലഭിച്ചിട്ടുണ്ട്.

(എച്ച്) 260 ഓട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(ഐ) ഉണ്ട്.

(ജെ) തിരുവനന്തപുരം നഗരത്തിൽ കൂടുതൽ ഓട്ടോറിക്ഷാ/ടാക്സി ഡ്രൈവർമാർക്ക് ആക്ട് ഫോഴ്സിന്റെ കീഴിൽ പരിശീലനം നൽകുന്നതിന് ആലോചനയുണ്ട്. കൂടാതെ എൽ. ഐ. സി. ഓഫ് ഇൻഡ്യയും ഇൻഡ്യൻ മെഡിക്കൽ അസോസിയേഷനും ആക്ട് ഫോഴ്സിന്റെ പ്രവർത്തനം മറ്റു സിറ്റികളിലേക്കുകൂടി വ്യാപിപ്പിക്കുന്നതിന് ആലോചിച്ചുവരുന്നതായി അറിയുന്നു. തിരുവനന്തപുരം സിറ്റിയിൽ കൂടുതൽ ഓട്ടോറിക്ഷാ, ടാക്സി കാർ ഡ്രൈവർമാർക്കും ആക്ട് ഫോഴ്സിന്റെ കീഴിൽ പരിശീലനം നൽകുന്നതിന് ആലോചനയുണ്ട്.

പോലീസുകാരുടെ ഓഫ് ഡ്യൂട്ടി അലവൻസ്

48 [1175] ശ്രീ. ജോർജ് മസ്ക്രീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസുകാരുടെ ഓഫ് ഡ്യൂട്ടി അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയുടെ വർദ്ധനവാണ് വരുത്തിയിട്ടുള്ളത്;

(സി) ഒരു വർഷം പരമാവധി എത്ര ദിവസം ഓഫ് ഡ്യൂട്ടി അലവൻസ് നൽകാനാണ് വ്യവസ്ഥയുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസുകാരുടെ ഓഫ് ഡ്യൂട്ടി അലവൻസ് പഴയ നിരക്കും പുതിയ നിരക്കും താഴെ കൊടുത്തിരിക്കുന്നു;

	പഴയ നിരക്ക് (രൂപ)	പുതിയ നിരക്ക് (രൂപ)
സബ് ഇൻസ്പെക്ടർ	26	100
അസി. സബ് ഇൻസ്പെക്ടർ	22	98
ഹെഡ് കോൺസ്റ്റബിൾ	20	90
പോലീസ് കോൺസ്റ്റബിൾ	20	70
ക്യാമ്പ് ഫോളോവർ	10	60

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച വ്യവസ്ഥയൊന്നും സർക്കാർ ഉത്തരവിൽ ഇല്ല.

പോലീസ് കമ്മീഷണറുടെ അറസ്റ്റുചെയ്യൽ

49 [1176] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ചിന്താവളപ്പ് പോലീസ് കമ്മീഷണറുടെ അറസ്റ്റുചെയ്യൽ നടത്താത്തതുമൂലം കെട്ടിടങ്ങൾ ജീർണ്ണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അറസ്റ്റുചെയ്യൽ നടത്താൻ നടപടി സ്വീകരിക്കുമോ;

(സി) കമ്മീഷണർമാരുടെ പ്രത്യേകമായ കക്കൂസ്, കുളിമുറികൾ ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

കോഴിക്കോട് നടക്കാവ് വെള്ളയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി

50 [1177] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടക്കാവ് പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെടുന്ന വെള്ളയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ വെള്ളയിൽ പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ ക്രമനമ്പർ 7 ആയി വെള്ളയിൽ ബീച്ച് എന്ന സ്ഥലം ഉൾപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ ക്രമം അനുസരിച്ച് ഊഴം ആകുമ്പോൾ അവിടെ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly